# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2650** 09.03.2017 -ലെ മറുപടിക്ക്

## നദികളിലെ മാലിന്യം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എൽദോ എബ്രഹാം | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്തെ നദികളിലും മറ്റു ജലസ്രോതസ്സുകളിലും വീടുകളിലെയും മറ്റു സ്ഥാപനങ്ങളിലെയും അഴുക്കു ചാലുകൾ തുറന്നുവിട്ട് മലിനപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമോ?

(എ) യും (ബി) യും ഉണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ മലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ സ്വീകരിക്കുന്നത് കേരളസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. കേരള പഞ്ചായത്തിരാജ്/ മുനിസിപ്പാലിറ്റീസ് ആക്ട് നിയമത്തിൽ ഭേദഗതി വരുത്തിയാണ് മലിനീകരണത്തിനെതിരെ നടപടിയെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള നടപടി വ്യവസ്ഥകൾ കർക്കശമാക്കി ഉൾപ്പെടുത്തി 2003 ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് ഭേദഗതി വരുത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ